(ജി) ഇപ്രകാരം കോർപ്പറേഷന്റെ ഔട്ട്‌ലെറ്റുകൾ വഴി പഞ്ചസാര വിൽപ്പന ആരംഭിച്ചത് ഏത് തീയതി മുതൽക്കാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച വിശദാംശങ്ങൾ കോർപ്പറേഷന്റെ 2005 ജൂൺ 30 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്കെടുപ്പ് പൂർത്തിയായാൽ മാത്രമേ ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ.

(ബി) 1,68,941.91 മെട്രിക് ടൺ പഞ്ചസാര വാങ്ങിയിട്ടുണ്ട്. ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) 2003-04, 2004-05 സാമ്പത്തിക വർഷത്തെ ധനകാര്യ കണക്കെടുപ്പ് പൂർത്തിയായതിനു ശേഷമേ ഇതു സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാൻ കഴിയുകയുള്ളൂ.

(ഇ) പൊതുവിപണിയിലെ ഏറ്റക്കുറച്ചിലുകൾക്കനുസരിച്ച് കോർപ്പറേഷൻ പഞ്ചസാര വാങ്ങുന്ന വിലയിൽ ഒരോ മാസവും ഏറ്റക്കുറച്ചിലുകൾ ഉണ്ടാവാറുണ്ട്. 2004-2005-ൽ ശരാശരി വാങ്ങിയ വില കി.ഗ്രാ.1559.60 രൂപയും വിറ്റവില കി.ഗ്രാ.1667 രൂപയുമാണ്.

(എഫ്) ഉണ്ടായിരുന്നു. 7-1-2005-ൽ കൂടിയ ബോർഡ് യോഗത്തിലാണ് അനുമതി നൽകിയത്.

(ജി) വിവരം ശേഖരിച്ചുവരുന്നു.

ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ

71 [2060] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മുഴപ്പിലാങ്ങാട് എഫ്. സി. ഐ. ഗോഡൗണിൽനിന്നും മൊത്ത വ്യാപാരികൾ വഴി റേഷൻ കടകളിൽ വരുന്ന ഭക്ഷ്യധാന്യങ്ങൾ ഉപയോഗശൂന്യമായതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം സംഭവിക്കാനുള്ള കാരണമെന്താണ്;

(സി) സംസ്ഥാനത്തെ റേഷൻ മൊത്ത വ്യാപാരികളുടെമേൽ സർക്കാരിന് എന്തെങ്കിലും നിയന്ത്രണമുണ്ടോ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ഇ) മൊത്ത വ്യാപാരികളിൽനിന്നും റേഷൻ ഡീലർമാർക്ക് ഭക്ഷ്യധാന്യ വിതരണം നടത്തുമ്പോൾ പരിശോധിക്കാനുള്ള അധികാരം പൊതുവിതരണ വകുപ്പിനുണ്ടോ;

(എഫ്) അപ്രകാരം എന്തെങ്കിലും പരിശോധന നടത്തുകയോ ക്രമക്കേട് കണ്ടുപിടിക്കുകയോ ചെയ്തിട്ടുണ്ടോ;

(ജി) ഇല്ലെങ്കിൽ പരിശോധനയ്ക്കുവേണ്ട നടപടി സ്വീകരിക്കുകയും ഗുണനിലവാരം കുറഞ്ഞ ഭക്ഷ്യ വസ്തുക്കൾ വിതരണം ചെയ്യുന്നില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്യുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഉണ്ട്.

(ഡി) 1966-ലെ കേരള റേഷനിംഗ് ഉത്തരവിലെ 51 (1) വകുപ്പ് പ്രകാരം ജില്ലാ കളക്ടർമാരാണ് റേഷൻ മൊത്ത വ്യാപാരികളെ നിയമിക്കുന്നത്. ഇപ്രകാരം നിയമനം ലഭിക്കുന്ന റേഷൻ മൊത്ത വ്യാപാരികൾ റേഷനിംഗ് ഉത്തരവിലെ 51 (6) വകുപ്പു പ്രകാരം എഗ്രിമെന്റ്, ആസ്തി തെളിയിക്കുന്നതിന് കുറഞ്ഞത് 6 ലക്ഷം രൂപയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ്, 1 ലക്ഷം രൂപയ്ക്കുള്ള ബാങ്ക് ഗ്യാരൻറി എന്നിവ ഹാജരാക്കേണ്ടതാണ്. ഈ എഗ്രിമെന്റിൽ മൊത്ത വ്യാപാരികൾ പാലിക്കേണ്ട ചട്ടങ്ങളെക്കുറിച്ച് വ്യക്തമാക്കുന്നുണ്ട്. കൂടാതെ നിയമനോത്തരവ് നടപ്പിൽ വരുത്തുന്നതിനായി ലൈസൻസി കേരള ഫുഡ് ഗ്രെയിൻസ് ലൈസൻസിംഗ് ഓർഡർ പ്രകാരം ലൈസൻസ് എടുക്കേണ്ടതും 4000 രൂപയുടെ സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കേണ്ടതുമാണ്. കേന്ദ്ര പൂളിൽനിന്നും പൊതുവിതരണത്തിനായി അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ സംസ്ഥാന സർക്കാർ ജില്ലാ സപ്ലൈ ആഫീസർമാർക്ക് വീതിച്ചു നൽകും. ഈ അളവ് ജില്ലാ സപ്ലൈ ആഫീസർമാർ താലൂക്ക് സപ്ലൈസ് ആഫീസർമാർക്ക് സബ് അലോക്കേറ്റ് ചെയ്യും. താലൂക്ക് സപ്ലൈസ് ആഫീസർമാർക്ക് ലഭിക്കുന്ന വിഹിതത്തിന്റെ അടിസ്ഥാനത്തിൽ അവർ മൊത്ത വ്യാപാരികൾക്ക് അതോറിട്ടി നല്കും. ഈ അതോറിട്ടി പ്രകാരം അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ റേഷൻ മൊത്ത വ്യാപാരികൾ ഫുഡ് കോർപ്പറേഷൻ ഡിപ്പോകളിൽ നിന്നും സ്വീകരിക്കുന്നു. ഇപ്രകാരം താലൂക്ക് സപ്ലൈ ആഫീസർമാർ നൽകുന്ന അതോറിട്ടിയുടെ വെളിച്ചത്തിൽ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും സ്വീകരിക്കുന്ന ഭക്ഷ്യധാന്യങ്ങൾ മാത്രമേ റേഷൻ മൊത്ത വ്യാപാരികൾ കച്ചവടം നടത്താവൂ. മറ്റൊരു രീതിയിലുള്ള വ്യാപാരവും റേഷൻ മൊത്ത വ്യാപാരികൾക്ക് അനുവദനീയമല്ല. റേഷനിംഗ് ഉത്തരവിലെ 51 (6)-ലെ എഗ്രിമെന്റിലെ വ്യവസ്ഥകൾ ലംഘിക്കുന്ന മൊത്ത വ്യാപാരികൾക്കെതിരെ ക്ലാസ് 51 (8) പ്രകാരം ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിനും വകുപ്പു ഉദ്യോഗസ്ഥൻമാർക്ക് അധികാരമുണ്ട്.

(ഇ) ഉണ്ട്.

(എഫ്) വകുപ്പുദ്യോഗസ്ഥൻമാർക്ക് തങ്ങളുടെ അധികാര പരിധിയിലുള്ള മൊത്ത, ചില്ലറ ഡിപ്പോകളിൽ ഓരോ മാസവും നടത്തേണ്ട പരിശോധനയ്ക്ക് ടാർജറ്റ് നിജപ്പെടുത്തി നൽകിയിട്ടുണ്ട്. ഈ ടാർജറ്റ് അനുസരിച്ച് ഉദ്യോഗസ്ഥൻമാർ മൊത്ത ചില്ലറ വ്യാപാരശാലകൾ പരിശോധിക്കുകയും ക്രമക്കേടുകൾ കണ്ടുപിടിക്കുകയും ചെയ്യുന്നുണ്ട്. ഇപ്രകാരം 2004-05 വർഷത്തിൽ ജില്ലാതലത്തിൽ നടത്തിയ പരിശോധനകളുടെ വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. † ഈ കാലയളവിൽ പരിശോധനയിൽ കണ്ടുപിടിക്കപ്പെട്ട ഗുരുതരമായ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ ഒരു അരി മൊത്ത വ്യാപാര ഡിപ്പോയും 2 മണ്ണെണ്ണ മൊത്ത വ്യാപാര ഡിപ്പോകളും 98 ചില്ലറ ഡിപ്പോകളും സസ്പെൻറ് ചെയ്തിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ജി) ഗുണ നിലവാരം കുറഞ്ഞ ഭക്ഷ്യധാന്യങ്ങൾ പൊതു വിതരണ ശൃംഖല വഴി വിതരണം ചെയ്യുന്നില്ല. ഒരോ ആഴ്ചയും ജില്ലാ സപ്ലൈ ആഫീസറും, എഫ്. സി. ഐ.. ജില്ലാ മാനേജരും, എഫ്. സി. ഐ..യുടെ ക്വാളിറ്റി കൺട്രോളറും ചേർന്ന് സ്റ്റോക്ക് സംയുക്തമായി പരിശോധിച്ച് ഗുണമേൻമ ഉറപ്പു വരുത്തിയ ശേഷമാണ് വിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളുടെ ഇനം നിശ്ചയിക്കുന്നത്. ഇപ്രകാരം നിശ്ചയിക്കുന്ന വെറൈറ്റിയിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ പ്രസ്തുത സ്റ്റോക്ക് എടുത്ത് വിതരണം ചെയ്യരുതെന്ന് താലൂക്ക് സപ്ലൈ ആഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സിവിൽ സപ്ലൈസ് കോർപ്പറേഷൻ 2004-05 കാലയളവിൽ വാങ്ങിയ പഴംസസ് ആൻറ് സ്പൈസസ്

72 [2061] ശ്രീ. ടി. എം. ജേക്കബ്:
,, ആർ. ബാലകൃഷ്ണപിള്ള:
,, ജോണി നെല്ലൂർ:
,, ഷിബു ബേബിജോൺ:
,, കെ. ബി. ഗണേഷ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ഒക്ടോബർ 1-ന് മുമ്പുള്ള 9 മാസങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസ് ടെണ്ടറിലൂടെ എത്ര ലോഡ് പഴംസസ്, സ്പൈസസ് എന്നിവ വാങ്ങിയിരുന്നുവെന്നും അവയുടെ വിറ്റുവരവ് എത്രയായിരുന്നുവെന്നും ഏതൊക്കെ സപ്ലൈയർമാർ എത്ര ലോഡുകൾ വീതമായിരുന്നു സപ്ലൈ ചെയ്തതെന്നും വിശദമാക്കാമോ;

(ബി) ഈ സർക്കാർ നിലവിൽ വന്നശേഷം 2004 ഒക്ടോബർ ഒന്നു മുതൽ 2005 ജൂൺ 30 വരെയുള്ള ഒമ്പതു മാസങ്ങളിൽ ഹെഡ് ഓഫീസ് ടെണ്ടറിലൂടെ എത്ര ലോഡുകൾ വാങ്ങിയിരുന്നുവെന്നും ആ കാലയളവിൽ വിറ്റുവരവ് എത്രയായിരുന്നുവെന്നും ഏതൊക്കെ സപ്ലൈയർമാർ എത്ര ലോഡുകൾ വീതമായിരുന്നു സപ്ലൈ ചെയ്തത് എന്നും വിശദമാക്കാമോ;

(സി) ഈ കാലയളവിൽ പുതുതായി എത്ര ഇനങ്ങൾ വാങ്ങിക്കുന്നുണ്ട്; അവ ഏതൊക്കെ ഇനങ്ങളാണ്; 2005 ജൂൺ 30 വരെ പുതിയ ഇനങ്ങൾ മാത്രം എത്ര ലോഡുകൾ വാങ്ങിയിട്ടുണ്ടെന്നും 2005 ജൂൺ 30 വരെ ഇവയുടെ വിറ്റുവരവ് എത്രയെന്നും വിശദമാക്കാമോ;

(ഡി) 2004 ജനുവരി ഒന്നു മുതൽ 2005 മേയ് 31 വരെയുള്ള മാസങ്ങളിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹെഡ് ഓഫീസ് വഴി നടത്തിയ ടെണ്ടർ പ്രകാരം ഏറ്റവും കൂടുതൽ ലോഡുകൾ സപ്ലൈ ചെയ്ത ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരായ സപ്ലൈയർമാർ ആരൊക്കെയാണെന്നും ഈ കാലയളവിൽ എത്ര ലോഡുകൾ വീതം ഇവർ ഓരോരുത്തരും സപ്ലൈ ചെയ്തുവെന്നും വ്യക്തമാക്കാമോ;

(ഇ) 2004 ജനുവരി ഒന്നു മുതൽ 2005 ആഗസ്റ്റ് 31 വരെയുള്ള മാസങ്ങളിൽ കോർപ്പറേഷൻ ഹെഡ് ഓഫീസ് വഴി നടത്തിയ ടെണ്ടർ പ്രകാരം ഏറ്റവും കൂടുതൽ ലോഡുകൾ സപ്ലൈ ചെയ്ത ഒന്നും രണ്ടും

LIBRARY ARCHIVES Kerala Legislative Assembly